15. കമ്പ്യൂട്ടർ സോഫ്റ്റ്വെയറിനെ നികുതിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കി.

16. കമ്പ്യൂട്ടർ ഹാർഡ്വെയർ യൂണിറ്റിനെ ഏഴുവർഷത്തേക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 150% എന്ന പരിധിക്കു വിധേയമായി നികുതിയിൽ നിന്ന് ഒഴിവാക്കി.

17. സിമന്റ് പെയിന്റ് നിർമ്മിക്കുന്ന വ്യവസായങ്ങൾക്കുള്ള നികുതി 12.5%-ൽ നിന്ന് 6% ആക്കി.

18. കോൺക്രീറ്റ് കട്ടിള, ജനാല മുതലായവയുടെ നികുതി 12.5% ത്തിൽ നിന്നും 6% മാക്കി.

19. ഡീസൽ ജനറേറ്ററുകൾ ഉണ്ടാക്കുന്ന വ്യവസായങ്ങളുടെ നികുതി നിരക്ക് 10% ത്തിൽ നിന്നും 5% മാക്കി.

20. പാരഫിൻ വാക്സിന്റെ നികുതി 12.5% ത്തിൽ നിന്ന് 4% മായി കുറച്ചു.

21. പരുത്തിയുടെ നികുതി 4% ത്തിൽനിന്നും 2% മായി കുറച്ചു.

22. അമോണിയ ഗ്യാസിന്റെ നികുതി 10% ത്തിൽ നിന്നും 3% മാക്കി.

23. ബിസ്ക്കറ്റിന്റെയും മിഠായിയുടേയും (എസ്.എസ്.ഐ. യൂണിറ്റ്) നികുതി 10% ത്തിൽ നിന്നും 6% മായി കുറച്ചു.

24. റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾക്കുള്ള സൗജന്യം ഒരുവർഷത്തേക്കുകൂടി നീട്ടി.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള നികുതി ഘടന വ്യാവസായിക ഉല്പാദനം വർദ്ധിപ്പിക്കുവാനും വ്യാവസായിക സംരംഭകരെ പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യമിട്ടുള്ളതാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (3327) സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള ഷെയർ ക്യാപ്പിറ്റൽ

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 1999 മാർച്ച് വരെ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, ഗവ. കമ്പനികൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിൽ എടുത്തിട്ടുള്ള ഷെയർ ക്യാപ്പിറ്റൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ നിന്നുള്ള വാർഷിക വരുമാനമെത്ര;

(സി) ഈ വരുമാനം പലിശ നിരക്കിലും എത്രകണ്ട് താഴെയാണ്;

(ഡി) മുടക്കുമുതലിന് കൂടുതൽ ആദായം ഉണ്ടാകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 31-3-1998 വരെ 1459.5 കോടി രൂപ. 31-3-99-ലെ കണക്ക് അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമല്ല.

(ബി) 1997-98-ൽ 5.89 കോടി രൂപ.

1997-98-ലെ വരുമാനം മുടക്കുമുതലിന്റെ 0.4% മാണ്. പലിശ നിരക്കുകൾ വ്യത്യസ്തങ്ങളായതിനാൽ കുറവ് എത്രയെന്ന് കണക്കാക്കാനാവില്ല.

(ഡി) സർക്കാർ മൂലധനം മുടക്കുന്നത് കേവലം ലാഭം മാത്രം മുൻനിറുത്തിയല്ല, മറ്റ് ഘടകങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. മുടക്കുമുതലിന് ആദായം ഉണ്ടാകണമെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കേണ്ടതുണ്ട്. അതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ മാനേജ്മെന്റുകളോട് നിരന്തരം ആവശ്യപ്പെടാറുണ്ട്.

2 (3328) സംസ്ഥാനത്തെ കേന്ദ്ര നിക്ഷേപം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിന്റെ കേരളത്തിലെ നിക്ഷേപം 95-96 മുതൽ 98-99 വരെ എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) അത് മൊത്തം നിക്ഷേപത്തിന്റെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ) കേരളത്തിലെ കേന്ദ്ര നിക്ഷേപം 31-3-95-ൽ 2906 കോടി രൂപയായിരുന്നു. ഇത് 31-3-96-ൽ 3390 കോടി രൂപയായും 31-3-97-ൽ 3992 കോടി രൂപയായും 1998 മാർച്ച് അവസാനത്തോടെ 4716 കോടി രൂപയായും വർദ്ധിച്ചു. (98-99 വർഷത്തെ കണക്ക് ലഭ്യമല്ല).

(ബി) കേരളത്തിന്റെ കേന്ദ്രനിക്ഷേപം 31-3-95-ൽ രാജ്യത്തെ മൊത്തം കേന്ദ്ര നിക്ഷേപത്തിന്റെ 1.28 ശതമാനവും 31-3-96-ൽ 1.32 ശതമാനവും 31-3-97-ൽ 1.40 ശതമാനവും 31-3-98-ൽ 1.50 ശതമാനവുമായിരുന്നു.

3 (3329) ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ്

ശ്രീ. ടി.കെ. നൗഷാദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗ് ജനകീയാസൂത്രണ പരിപാടി നടത്തിപ്പ് സംബന്ധിച്ചുള്ള പരാതികളിന്മേൽ 1999-2000 സാമ്പത്തിക വർഷം നാളിതുവരെ എത്ര പഞ്ചായത്തുകളിൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly